**ചിത്രാഞ്ജലി സ്റ്റുഡിയോ**
**തിരുവല്ലം, തിരുവനന്തപുരം - 27**
**ഫോൺ : 04712381452, 2380946**

നം:13/സി.എസ്/എസ്റ്റേറ്റ്/2020 19/11/2021

## ക്വട്ടേഷൻ/ലേലം നോട്ടീസ്

ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നതും പിഴുതുവീണതും അപകടാവസ്ഥയിൽ നിലകൊള്ളുന്നതുമായ മരങ്ങൾ ക്വട്ടേഷൻ/ ലേലത്തിലൂടെ വിൽക്കുന്നു. അവസാന തീയതി 02.12.2021 വൈകീട്ട് 03.00 മണിവരെ. കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ് www.ksfdc.in സന്ദർശിക്കുക. ഫോൺ-9074192137.

sd/-

**സ്റ്റുഡിയോ മാനേജർ i/c**

# ചിത്രാഞ്ജലി സ്റ്റുഡിയോ
# തിരുവല്ലം, തിരുവനന്തപുരം – 27
# ഫോൺ : 04712381451, 52, 50

നം: 13/സി.എസ്/എസ്റ്റേറ്റ്/2020 19/11/2021

## ക്വട്ടേഷൻ/ലേലം നിബന്ധനകൾ

1) ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നതും പിഴുതുവീണതും അപകടാവസ്ഥയിലുള്ളതുമായ താഴെ പറയുന്ന മരങ്ങൾ ക്വട്ടേഷൻ/ ലേലത്തിലൂടെ വിൽക്കുന്നു.

1. തിരുവല്ലം കരിംങ്കടമുകൾ റോഡിൽ (ക്രൈസ്റ്റ് നഗർ സ്ക്കൂളിനു സമീപം) ഉണങ്ങി നിൽക്കുന്ന ആഞ്ഞിലി – 01 എണ്ണം.
2. ക്യാന്റീൻ കെട്ടിടത്തിന്റെ മുകളിലേയ്ക്ക് പിഴുത് ചരിഞ്ഞ് അപകടാവസ്ഥയിൽ നിൽക്കുന്ന മാവ് – 01 എണ്ണം.
3. സ്റ്റുഡിയോ– ലാന്റ്സ്കേപ്പ് റോഡിന്റെ വലത് ഭാഗത്ത് (കൊടിതൂക്കി ഭാഗം) പിഴുത് വീണ് ഉണങ്ങി കിടക്കുന്ന പ്ലാവ് – 1 എണ്ണം.
4. എയർ പോർട്ട് അധികൃതർക്ക് തടസ്സമായി ലാന്റ്സ്കേപ്പിൽ നിൽക്കുന്ന തെങ്ങ് – 04 എണ്ണം.
5. സ്റ്റുഡിയോയിലെ മെയിൻ റോഡിൽ വളഞ്ഞ ഭാഗത്ത് റോഡിലേക്ക് പിഴുത് വീണ് വെട്ടിമാറ്റിയിട്ടിരിക്കുന്ന ചെറുതും വലുതുമായ അക്കേഷ്യമരങ്ങൾ –10 എണ്ണം.
6. മേനിലം സുബേറിന്റെ വീടിന്റെ മുകളിലേയ്ക്ക് അപകടാവസ്ഥയിൽ പിഴുത് വീഴാറായി നിന്നിരുന്ന അക്കേഷ്യമരങ്ങൾ വെട്ടി മാറ്റി മുറിച്ചിട്ടിരിക്കുന്നത് – 04 എണ്ണം.
7. ബി.എൻ.വി സ്ക്കൂളിന് സമീപം മഹേഷിന്റെ വീടിന്റെ മുകളിലേയ്ക്ക് അപകടാവസ്ഥ യിൽ ചരിഞ്ഞു നിന്നിരുന്നതിനാൽ മുറിച്ചിട്ടിരിയ്ക്കുന്ന പെരുമരം – 01 എണ്ണം,

   പൂമരം– 01 എണ്ണം ചെറുതും വലുതുമായ അക്കേഷ്യമരങ്ങൾ – 06 എണ്ണം.
8. സ്റ്റുഡിയോ മെയിൻ ഗേറ്റിൽ തിരുവല്ലം പോലിസ് സ്റ്റേഷൻ കെട്ടിടത്തിന്റെ മുകളിലേക്ക് അപകടാവസ്ഥയിൽ പിഴുത് വീഴാറായി വെട്ടിമാറ്റിയ ആഞ്ഞിലി –03 എണ്ണം, റബ്ബർ – 01 എണ്ണം കുറ്റി പ്ലാവ് –01 എണ്ണം.
9. ലാന്റ്സ്കേപ്പ് മേക്കപ്പ് റൂമിന് സമീപം ഒടിഞ്ഞ് പിഴുത് വീഴാറായി നിൽക്കുന്ന അക്കേഷ്യ – 01 എണ്ണം.
10. ലാന്റ്സ്കേപ്പ് മേക്കപ്പ് റൂമിന് സമീപം പിഴുത് കിടക്കുന്ന റബ്ബർ – 01 എണ്ണം.
11. ലാന്റ്സ്കേപ്പ് മേക്കപ്പ് റൂമിന് സമീപം ഉണങ്ങാറായി നിൽക്കുന്ന അക്കേഷ്യ മരം – 01 എണ്ണം.
12. മെയിൻ ഗേറ്റിന് സമീപത്തെ വീടുകൾ ഭീഷണിയായി അപകടാവസ്ഥയിൽ നിൽക്കുന്ന മഞ്ചാടി മരം – 01 എണ്ണം.
13. സ്റ്റുഡിയോ ഓഫീസിന് മുന്നിൽ ഉണങ്ങി നിൽക്കുന്ന കുറ്റി ആഞ്ഞിലിമരം – 01 എണ്ണം.

14. തിരുവഴിമുക്ക് താജുദ്ദീന്റെ വീടിന്റെ പിന്നിലായി അപകടാവസ്ഥയിൽ നിൽക്കുന്ന അക്കേഷ്യമരങ്ങൾ -02 എണ്ണം.

2) ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി **02.12.2021** വൈകീട്ട് **03.00** മണിവരെ. അന്നേദിവസം വൈകിട്ട് **03.30** ന് എത്തിച്ചേരുന്നവരുടെ സാന്നിദ്ധ്യത്തിൽ ലേലം നടത്തുന്നതും തുടർന്ന് മുദ്ര വച്ച ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.

3) ക്വട്ടേഷൻ/ലേലത്തിന്റെ ഫോറം വിലയായ 250/- രൂപ (രൂപ ഇരുന്നൂറ്റിയൻപത് മാത്രം) 02.12.2021 ന് ഉച്ചയ്ക്ക് 1.00 മണിവരെ പ്രവർത്തിദിവസങ്ങളിൽ ചിത്രാഞ്ജലി സ്റ്റുഡിയോ ഓഫീസിൽ അടച്ച് ഫോറം വാങ്ങാവുന്നതാണ്. കൂടാതെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. ഇതിന്റെ വിലയായി 250/- (രൂപ ഇരുന്നൂറ്റിയൻപത് മാത്രം) രൂപയുടെ ഡി.ഡി/ രസീത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 3000/- രൂപ (രൂപ മൂവായിരം മാത്രം) കെ.എസ്.എഫ്.ഡി.സി ലിമിറ്റഡ് തിരുവനന്തപുരം എന്ന പേരിൽ മാറാവുന്ന ഡി.ഡി/ സ്റ്റുഡിയോ ഓഫീസിൽ പണം അടച്ച രസീത് എന്നിവ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ ഫോറത്തിന്റെ വില, നിരതദ്രവ്യം എന്നിവ ഇല്ലാത്ത ക്വട്ടേഷനുകൾ നിരസ്സിക്കുന്നതാണ്.

4) ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുന്ന വ്യക്തിയുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡിപ്പോസിറ്റായി മാറ്റുന്നതും ടി തുക മരങ്ങൾ തൃപതികരമായി മുറിച്ചുമാറ്റി നീക്കം ചെയ്ത ശേഷം പലിശ രഹിതമായി തിരികെ നൽകുന്നതുമാണ്.

5) ക്വട്ടേഷൻ/ലേലം ഉറപ്പിച്ചുകിട്ടുന്ന വ്യക്തി ക്വട്ടേഷൻ/ലേലത്തിൽ രേഖപ്പെടുത്തിയ/ലേലത്തിൽ വിളിച്ച തുക കൂടാതെ 5% വനവികസന നികുതിയും 18% ജി.എസ്സ്.ടി യും ഉൾപ്പെടെയുള്ള തുക 5 ദിവസത്തിനകം സ്റ്റുഡിയോ ഓഫീസിൽ അടച്ച് 7 ദിവസത്തിനകം മരങ്ങൾ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. ടി തുക നിശ്ചിത സമയ പരിധിക്കുള്ളിൽ അടച്ച് രസീത് വാങ്ങി മരങ്ങൾ മുറിച്ച് നീക്കം ചെയ്യാതിരുനാൽ നിരതദ്രവ്യം കണ്ടുകെട്ടുന്നതും ഒരറിയിപ്പുകൂടാതെ ഉറപ്പിച്ചു കിട്ടിയ ക്വട്ടേഷൻ/ ലേലം റദ്ദ് ചെയ്യുന്നതുമാണ്.

6) ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സ്റ്റുഡിയോ കോമ്പൗണ്ടിലെ ടി മരങ്ങൾ നേരിൽ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്.

7) മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ സ്റ്റുഡിയോ വസ്തുവകകൾക്കും പരിസരത്തുള്ള മരങ്ങൾക്കും വസ്തു വകകൾക്കും നാശനഷ്ടം സംഭവിക്കുവാൻ പാടുള്ളതല്ല.

8) മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ അവയുടെ ശിഖരങ്ങളും മറ്റ് അവശിഷ്ടങ്ങളും പൂർണ്ണമായും സൈറ്റിൽ നിന്നും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ മരങ്ങൾ പുറത്തകൊണ്ടുപോകുന്നതിനുള്ള ഗേറ്റ് പാസ് അനുവദിക്കുകയുള്ളൂ.

9) അപേക്ഷകന്റെ ഐ.ഡി കാർഡിന്റെ പകർപ്പ്, ക്വട്ടേഷൻ ഫോമിന്റെ വില, നിരതദ്രവ്യം എന്നിവയുടെ ഡി.ഡി/രസീത് ക്വട്ടേഷൻ ഫോമിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

10) കാരണമൊന്നും കൂടാതെ ഏതെങ്കിലും ക്വട്ടേഷനുകൾ നിരസിക്കുന്നതിനും ക്വട്ടേഷൻ/ലേലം നടപടികൾ പൂർണ്ണമായും റദ്ദു ചെയ്യുന്നതിനും മാനേജ്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11) കെ.എസ്.എഫ്.ഡി.സി ഹെഡ് ഓഫീസിൽ അയച്ച് അംഗീകാരം ലഭിച്ച ശേഷം മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം തിരികെ നൽകുകയുള്ളൂ.

12) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

13) ക്വട്ടേഷൻ കവറിനു മുകളിൽ **"ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നതും പിഴുതുവീണതും അപകടാവസ്ഥയിലുള്ളതുമായ മരങ്ങളുടെ ക്വട്ടേഷൻ/ലേലം"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ **സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27** എന്ന വിലാസത്തിൽ ലഭിയ്ക്കണം.

sd/-

**സ്റ്റുഡിയോ മാനേജർ i/c**

പകർപ്പ്

1. മെയിൻ ഗേറ്റ്.
2. നോട്ടീസ് ബോർഡ്
3. സെക്യൂരിറ്റി.
4. ആഫീസ്കോപ്പി/ അക്കൗണ്ട്സ് വിഭാഗം.
5. വില്ലേജ് ആഫീസ്.
6. തിരുവനന്തപുരം കോർപ്പറേഷൻ (സോണൽ ആഫീസ്) തിരുവല്ലം

## ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നതും പിഴുതുവീണതും അപകടാവസ്ഥയിലുള്ളതുമായ മരങ്ങളുടെ ക്വട്ടേഷൻ/ ലേലം

### ക്വട്ടേഷൻ ഫോം

| | |
|---|---|
| 1) ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ പേരും മേൽവിലാസവും മൊബൈൽ നമ്പറും | |
| 2) *തിരിച്ചറിയൽ കാർഡിന്റെ വിശദവിവരം | |
| 3) ജി.എസ്.റ്റി നമ്പർ ഉണ്ടെങ്കിൽ നമ്പർ രേഖപ്പെടുത്തുക. | |
| 4) ക്വട്ടേഷൻ/ലേലം ഫോറത്തിന്റെ വില അടച്ചതിന്റെ വിശദാംശം ഡി.ഡി നമ്പർ/ രസീത് നമ്പർ. | 250/- രൂപ<br>ഡി.ഡി നമ്പർ/ രസീത്<br>നമ്പർ.....................................................<br>തീയതി.................................................... |
| 5) നിരതദ്രവ്യം അടച്ച തുക ഡി.ഡി നമ്പർ/ രസീത് നമ്പർ. | 3,000/- രൂപ<br>ഡി.ഡി നമ്പർ/ രസീത്<br>നമ്പർ.....................................................<br>തീയതി.................................................... |
| 6) ക്വട്ടേഷൻ നോട്ടീസ് പ്രകാരം മരങ്ങളുടെ ആകെ വില (തുക അക്കത്തിലും അക്ഷരത്തിലും)<br>(നികുതി ഉൾപ്പെടാതെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്.) | ..........................................................രൂപ<br>(...........................................................<br>..........................................................) |

### പ്രസ്താവന

ക്വട്ടേഷൻ/ലേലം നോട്ടീസ്, നിബന്ധനകൾ എന്നിവ ഞാൻ വായിച്ച് മനസിലാക്കിയിട്ടുള്ളതും. ടി മരങ്ങൾ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ക്വട്ടേഷൻ/ലേലം വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിച്ചുകൊണ്ടാണ് മേൽപ്പറഞ്ഞിരിക്കുന്ന ക്വട്ടേഷൻ/ലേലതുക രേഖപ്പെടുത്തിയിക്കുന്നതെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:

തീയതി: പേര്:

മേൽവിലാസം:

*തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ക്വട്ടേഷൻ ഫോമിനൊപ്പം അടക്കം ചെയ്തിരിക്കണം.